# അക്കാദമിക് മാസ്റ്റർപ്ലാൻ

## ജി.യു.പി സ്കൂൾ ആനക്കയം - ക്ലാസ് 3

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്ിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തന ങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലല പരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

**<u>ജൂൺ - ജൂലായ്</u>**

യൂണിറ്റ് 1 – രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4)
വെജിറ്റബിൾ പ്രിൻറിംഗ്
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ
കുട്ടികൾ നിർമ്മിക്കുന്നു.

**<u>ജൂലായ്, ആഗസ്റ്റ്</u>**

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കളിനോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം
കമ്പ് കെട്ടുകൾ
സംഖ്യാ സ്ട്രിപ്പുകൾ
അബാക്കസ് നിർമ്മാണം.

**<u>ആഗസ്റ്റ്, സെപ്തംബർ</u>**

പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

**<u>ഒക്ടോബർ</u>**

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

**<u>നവംബർ, ഡിസംബർ</u>**

ഗുണന വസ്തുത കാർഡ് നിർമ്മാണം